കാനാടി സന്നിധി അന്തിക്കാട് ശ്രീ കുട്ടിച്ചാത്തൻ മായാഅത്ഭുതങ്ങൾ
സർവ്വ മതസ്ഥർക്കും അനുഗ്രഹവും പ്രശ്നപരിഹാരവും

ധനനഷ്ടം, ശത്രുദോഷം, ശത്രു ആര്? ഭൂതം-ഭാവി കാര്യങ്ങളും, വ്യാപാരതടസ്സം, വ്യവഹാരതടസ്സം, മംഗല്യതടസ്സം, ഉദ്ദിഷ്ടകാര്യ സിദ്ധി എന്നീ നിങ്ങളെ അലട്ടുന്ന പ്രശ്നങ്ങൾക്കും, സൗഭാഗ്യം വന്നു ചേരുന്നതിനും പുണ്യപുരാതന വിഷ്ണുമായ കുട്ടിച്ചാത്തൻ സ്വാമി ക്ഷേത്രത്തിൽ നേരിൽ വരികയോ, കത്ത്, ഫോൺ മുഖേന ബന്ധപ്പെടുകയോ ചെയ്യുക.

മഠാധിപതി
സുധീർ ഗോപാലൻ
കാനാടി കുടുംബത്തിലെ ഇളംതലമുറക്കാരനും മുഖ്യകർമ്മിയും പ്രധാന വെളിച്ചപ്പാടുമാണ്.

കാനാടി സന്നിധി ശ്രീ കുട്ടിച്ചാത്തൻ ക്ഷേത്രം
പി.ഒ. അന്തിക്കാട്.കെ.കെ.മേനോൻ ഷെഡ്ഡിനു പടിഞ്ഞാറുവശം, തൃശൂർ 680641, കേരളം.

പ്രത്യേക ശ്രദ്ധയ്ക്ക്: അന്തിക്കാട് കെ.കെ.മേനോൻ ഷെഡ്ഡ് സ്റ്റോപ്പിൽ ഇറങ്ങുക.
PH : 0487 2623274, 2623278 Mob. : 9388870299
Website : www.anthikadkanadivishnumaya.com

മാതൃഭൂമി

കൃഷ്ണ തുളസി
കഫ് സിറപ്പ്
ചുമ, ജലദോഷം, കഫക്കെട്ട്, തുമ്മൽ, അലർജി ഇവയ്ക്ക് ആശ്വാസപ്രദം.
പൊടി, പുക, മഞ്ഞ്, തണുപ്പ് ഏതുമാകട്ടെ വീട്ടിൽ കരുതൂ
MVM
MVM Ayurvedic Research Lab
Pooyappally P.O., Kollam. Ph.0474-2463788
അനുകരണങ്ങളിൽ വഞ്ചിതരാകരുത്.

2010 ജൂൺ 8 ചൊവ്വാഴ്ച
1185 എടവം 25
Mathrubhumi, The National Daily in Malayalam
കോട്ടയം ◆ പേജ് 16 ◆ വില രൂപ 4.00
Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Alappuzha ◆ Mumbai ◆ Chennai ◆ Bangalore ◆ Delhi
www.mathrubhumi.com

പനയിൽ ഒന്നരമണിക്കൂർ തലകീഴായി കുടുങ്ങിക്കിടന്നയാളെ രക്ഷിച്ചു

തൊടുപുഴ: പനയോല വെട്ടിയിട്ട് ഇറങ്ങവെ കാൽ കുടുങ്ങി ചൂണ്ടപ്പനയിൽ ഒന്നര മണിക്കൂർ തലകീഴായി തൂങ്ങിക്കിടന്നയാളെ ഫയർഫോഴ്സ് രക്ഷിച്ചു.

മരംകയറ്റക്കാരനായ കുടയത്തൂർ മുതിയാമല പെരുവനായിൽ ഗോപിനാഥനെ (45)യാണ് ഭാഗ്യംകൂടി തുണച്ചതിനാൽ രക്ഷിക്കാനായത്. അറുപതടിയോളം ഉയരമുള്ള പനയിലാണ് കുടുങ്ങിയത്. ആനയ്ക്ക് കൊടുക്കാൻ പനയോലവെട്ടുന്നതിനാണ് തിങ്കളാഴ്ച ഉച്ചയ്ക്ക് പന്ത്രണ്ടരയോടെ ഗോപിനാഥൻ ശരംകുത്തിയിലുള്ള പനയിൽ കയറിയത്. ഉയരത്തിലെത്തി പനകൈകൾ വെട്ടിയശേഷം തിരികെ ഇറങ്ങുമ്പോഴായിരുന്നു അപകടം.

കുറച്ച് ഇറങ്ങിക്കഴിഞ്ഞപ്പോൾ പഴയ പനങ്കുലയുടെ ബാക്കിഭാഗം അവശേഷിച്ചിരുന്നിടത്ത് ഗോപിനാഥന്റെ കാലിൽക്കിടന്ന തളപ്പ് ഉടക്കി. ഒരു കാൽ തളപ്പിൽനിന്ന് വിട്ടുപോയി. ഗോപിനാഥൻ പിടിവിട്ട് വീണു.

എന്നാൽ, പനങ്കുലമുട്ടിൽ ഉടക്കിക്കിടന്ന തളപ്പ് മറ്റേക്കാലിൽ ചുറ്റിപ്പിരിഞ്ഞതിനാൽ നിലത്തുവീഴാതെ തലകീഴായി തൂങ്ങിക്കിടന്നു.

സംഭവംനടന്നത് ഉൾപ്രദേശത്തായതിനാൽ രക്ഷയ്ക്ക് ആളുകളെത്താൻ വൈകി. സമീപവാസിയായ വീട്ടമ്മ അയൽക്കാരെ വിളിച്ചുകൂട്ടിയെങ്കിലും ആർക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അനങ്ങിയാൽ തളപ്പ് പനങ്കുലമുട്ടിൽനിന്ന് വിട്ടുപോകുമെന്ന സ്ഥിതിയായിരുന്നു. വിവരമറിഞ്ഞെത്തിയ തൊടുപുഴ ഫയർഫോഴ്സ് ഗോപിനാഥനെ വലയ്ക്കുള്ളിലാക്കിയശേഷം തളപ്പ് മുറിച്ച് താഴെയെത്തിക്കുകയായിരുന്നു. ഒന്നരമണിക്കൂർ തലകീഴായി കിടന്നതുമൂലം ശാരീരികാസ്വസ്ഥതകൾ നേരിട്ട ഗോപിനാഥനെ സ്വകാര്യാസ്പത്രിയിൽ പ്രവേശിപ്പിച്ചു.

ഫയർഫോഴ്സ് ജീവനക്കാരായ എ.കെ.ഫിറോസ്, ടി.വി. രാജൻ, ടി.ഇ.അലിയാർ, ബിൽസ്ജോർജ്, കെ.ബി.ജിനേഷ്കുമാർ, സി.എഫ്.സുഭാഷ്, കെ.എം.അബ്ദുൾനാസർ, പി.എൻ. അനൂപ് എന്നിവർ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തു.

പനയിൽ കാൽകുടുങ്ങി തലകീഴായി തൂങ്ങിക്കിടന്ന ഗോപിനാഥനെ, ഫയർഫോഴ്സുകാർ ഏണിയിൽനിന്ന് വലയ്ക്കുള്ളിലാക്കി താഴേയ്ക്കിറക്കുന്നു →

ലോകകപ്പ്

മാതൃഭൂമി വായനക്കാർക്കായി മാറഡോണ എഴുതുന്നു

നാടെങ്ങും കളിയാവേശം അലയടിക്കേ ഫുട്ബോൾ ലോകകപ്പ് വാർത്തകൾക്കായി മാതൃഭൂമി വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. മാതൃഭൂമി പ്രതിനിധി എം.പി. സുരേന്ദ്രൻ ദക്ഷിണാഫ്രിക്കയിൽ നിന്ന് മത്സരങ്ങൾ നേരിട്ട് റിപ്പോർട്ടു ചെയ്യും. കൂടാതെ ഫുട്ബോൾ ഇതിഹാസവും അർജൻറീന പരിശീലകനുമായ ഡീഗോ മാറഡോണയും ബ്രസീൽ മുൻ നായകനും പരിശീലകനുമായ കാർലോസ് ദുംഗയും മാതൃഭൂമിക്കായി കളികൾ വിലയിരുത്തും. മാറഡോണയുടെ കോളങ്ങൾ ബുധനാഴ്ച മുതൽ വായിക്കാം

മാറഡോണ

ദുംഗ

എം.പി. സുരേന്ദ്രൻ യാത്രതിരിച്ചു

ദക്ഷിണാഫ്രിക്കയിൽ വെള്ളിയാഴ്ച തുടങ്ങുന്ന ലോകകപ്പ് റിപ്പോർട്ട്ചെയ്യാൻ മാതൃഭൂമി തൃശ്ശൂർ ഡെപ്യൂട്ടി എഡിറ്ററും പ്രശസ്ത ഫുട്ബോൾ എഴുത്തുകാരനുമായ എം.പി. സുരേന്ദ്രൻ യാത്ര തിരിച്ചു. ആഫ്രിക്കൻ വൻകരയിൽ നിന്ന് സുരേന്ദ്രൻ എഴുതുന്ന കളിവിശേഷങ്ങൾ ബുധനാഴ്ച വായിച്ചു തുടങ്ങാം.

തൃശ്ശൂർ കണ്ടശ്ശാംകടവ് സ്വദേശിയായ സുരേന്ദ്രൻ 29 വർഷമായി മാതൃഭൂമിയിൽ പത്രപ്രവർത്തകനാണ്. ദോഹയിൽ 2006-ൽ നടന്ന ഏഷ്യൻ ഗെയിംസ് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മലയാളത്തിലെ മുൻനിര ഫുട്ബോൾ നിരൂപകരിൽ ഒരാളായ സുരേന്ദ്രന്റെ പ്രശസ്തമായ രചനയാണ് 'റെഡ് സോൺ.'

കേരളത്തിൽ തീവ്രവാദ 'സ്ലീപ്പർ സെല്ലു'കൾ: പേജ് - 5

അമേരിക്കയോടേറ്റ തോൽവി ഞങ്ങളെ ഉണർത്തി
ലോകകപ്പിലെ പ്രിയ ടീമായ സ്പെയിനിന്റെ ഫെർണാണ്ടോ ടോറസ്
സ്പോർട്സ് പേജിൽ

ഭോപ്പാൽ
02/12/1984

രണ്ടുകൊല്ലം തടവ്; പിന്നാലെ ജാമ്യവും

- യൂണിയൻ കാർബൈഡ് ഇന്ത്യക്ക് അഞ്ചുലക്ഷം രൂപ പിഴ
- മുൻ ചെയർമാൻ ആൻഡേഴ്സനെക്കുറിച്ച് വിധിയിൽ പരാമർശമില്ല

ഭോപ്പാൽ: ലോകം കണ്ട ഏറ്റവും വലിയ വ്യാവസായികാപകടമായ ഭോപ്പാൽ വാതക ദുരന്തക്കേസിൽ യൂണിയൻ കാർബൈഡ് ഇന്ത്യ മുൻ ചെയർമാൻ കേശവ് മഹീന്ദ്ര ഉൾപ്പെടെ ഏഴുപ്രതികളെ കോടതി ശിക്ഷിച്ചു. പരമാവധി രണ്ടുവർഷം തടവും ഒരു ലക്ഷം രൂപ വീതം പിഴയുമാണ് ഇവർക്കുള്ള ശിക്ഷ. വിധി പ്രഖ്യാപിച്ചതിനു പിന്നാലെ 25,000 രൂപ ഈടിൽ കോടതി ഏഴു പ്രതികൾക്കും ജാമ്യമനുവദിച്ചു.

എട്ടാംപ്രതി യൂണിയൻ കാർബൈഡ് ഇന്ത്യാലിമിറ്റഡിന് അഞ്ചുലക്ഷം രൂപ പിഴയും കോടതി ചുമത്തിയിട്ടുണ്ട്.

പതിനയ്യായിരത്തിലേറെ പേർ പിടഞ്ഞുമരിച്ച വിഷവാതകചോർച്ച സംഭവിച്ച് കാൽനൂറ്റാണ്ടിനുശേഷമാണ് ഭോപ്പാൽ ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി ശിക്ഷ വിധിച്ചത്. വിധിയിൽ ഭോപ്പാൽ ദുരന്ത ബാധിതർക്കു വേണ്ടി പോരാടുന്ന പൗരാവകാശ സംഘടനകൾ കടുത്ത നിരാശ പ്രകടിപ്പിച്ചു. വൈകിവന്ന ശിക്ഷ തീരെ കുറഞ്ഞുപോയെന്നും പ്രോസിക്യൂഷനും സി.ബി.ഐ.യും കേസിൽ വെള്ളം ചേർത്തെന്നും അവർ ആരോപിച്ചു.

ദുരന്തമുണ്ടായ കാലത്ത് യൂണിയൻ കാർബൈഡ് കോർപ്പറേഷന്റെ (യു.എസ്.എ.) ചെയർമാനായിരുന്ന വാറൻ ആൻഡേഴ്സനെതിരെ വിധിയിൽ പരാമർശംപോലുമില്ല. പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച 89കാരനായ ഇയാളിപ്പോൾ അമേരിക്കയിലാണ്. വിചാരണയ്ക്ക് ഹാജരായതുമില്ല. ശിക്ഷിക്കപ്പെട്ട കേശവ് മഹീന്ദ്ര (85) ഇപ്പോൾ വാഹന നിർമാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ ചെയർമാനാണ്. യൂണിയൻ കാർബൈഡ് മുൻ മാനേജിങ് ഡയറക്ടർ വിജയ് ഗോഖലെ, മുൻ വൈസ് പ്രസിഡൻറ് കിഷോർ കംദാർ, മുൻ വർക്ക് മാനേജർ ജെ.എൻ. മുകുന്ദ്, മുൻ പ്രൊഡക്ഷൻ മാനേജർ എസ്.പി.ചൗധരി, മുൻ പ്ലാൻറ് സൂപ്രണ്ട് കെ.വി. ഷെട്ടി, മുൻ പ്രൊഡക്ഷൻ അസിസ്റ്റൻറ് എസ്.ഐ. ഖുറേശി എന്നിവരാണ് ശിക്ഷിക്കപ്പെട്ട മറ്റുള്ളവർ. ഖുറേശി ഒഴികെയുള്ളവരെല്ലാം കോടതിയിൽ ഹാജരായിരുന്നു.

വിചാരണ തുടങ്ങി നീണ്ട 23 വർഷങ്ങൾക്കുശേഷമാണ് കേസിൽ വിധി വന്നത്. തിങ്ങിനിറഞ്ഞ കോടതി മുറിയിലാണ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് മോഹൻ പി. തിവാരി ശിക്ഷ പ്രഖ്യാപിച്ചത്. എട്ടുപ്രതികളും വിധി വന്ന ഉടനെ ജാമ്യാപേക്ഷ സമർപ്പിച്ചു. ഇവർക്കിനി മേൽക്കോടതിയിൽ അപ്പീൽ സമർപ്പിക്കാം.

1984 ഡിസംബർ രണ്ട്, മൂന്ന് തിയ്യതികളിലായി ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഫാക്ടറിയിൽനിന്ന് മാരകമായ മീഥൈൽ ഐസോ സയനേറ്റ് വാതകം ചോർന്നതാണ് കേസിനാസ്പദമായ സംഭവം. ഇന്ത്യൻ ശിക്ഷാനിയമം 304-എ (അനാസ്ഥമൂലം മരണത്തിന് ഇടയാക്കൽ), 304-2 (മനഃപൂർവമല്ലാത്ത നരഹത്യ), 336. 337, 338 (തികഞ്ഞ അനാസ്ഥ) എന്നീ കുറ്റങ്ങളാണ് പ്രതികൾക്കെതിരെ ചുമത്തിയത്. അഞ്ചു ലക്ഷം രൂപ പിഴയ്ക്കു പുറമെ വിവിധ വകുപ്പുകളിലായി യൂണിയൻ കാർബൈഡ് 250 രൂപ, 500 രൂപ, ആയിരം രൂപ എന്നിങ്ങനെ വേറെയും പിഴ ഒടുക്കണമെന്ന് കോടതി ഉത്തരവിട്ടു. വിചാരണയിൽ 178 സാക്ഷികളെയും 3008 രേഖകളും പ്രോസിക്യൂഷൻ ഹാജരാക്കി. പ്രതിഭാഗം എട്ടു സാക്ഷികളെ വിസ്തരിച്ചു. മറ്റൊരു പ്രതിയായ യൂണിയൻ കാർബൈഡ് മുൻ അസിസ്റ്റൻറ് വർക്ക് മാനേജർ ആർ.ബി. റോയ് ചൗധരി വിചാരണക്കാലയളവിൽ മരിച്ചു.

വിലാപങ്ങൾ ഒടുങ്ങുന്നില്ല... | ഭോപ്പാൽ വാതകദുരന്തക്കേസിൽ വിധി പ്രഖ്യാപിച്ച കോടതിക്കു പുറത്ത് പ്രതിഷേധപ്രകടനം നടത്തുന്ന ദുരന്തബാധിതരായ അമ്മമാർ -പി.ടി.ഐ.

നീതി കുഴിച്ചുമൂടപ്പെട്ടു -മന്ത്രി മൊയ്‌ലി

ന്യൂഡൽഹി: നീതി വൈകുകയും ഫലത്തിൽ നിഷേധിക്കപ്പെടുകയും ചെയ്ത കേസാണ് ഭോപ്പാൽ ദുരന്തമെന്ന് കേന്ദ്ര നിയമമന്ത്രി വീരപ്പ മൊയ്‌ലി പറഞ്ഞു. ഇത്തരം ഒരു കേസിൽ കുറ്റവാളികൾ കടുത്ത ശിക്ഷയ്ക്ക് വിധേയരാകേണ്ടതാണ്. എന്നാൽ നീതി ഇവിടെ കുഴിച്ചുമൂടപ്പെട്ടു. ഭോപ്പാൽ വിധിയിൽ നിന്നുള്ള വലിയ പാഠങ്ങൾ ഉൾക്കൊണ്ട് ഹൈക്കോടതിയിലെ അപ്പീൽ നടപടികൾക്ക് വേഗം കൂട്ടും-അദ്ദേഹം പറഞ്ഞു.

ഭോപ്പാൽ ഇനിയുമുറങ്ങില്ല !....4
പ്രതികളെ തൂക്കിലേറ്റണമെന്ന് ദുരന്തബാധിതർ.... 5

HINDALCO
Everlast
Aluminium Roofing & Structurals
ഈടുനിൽക്കില്ലൊന്നും, എവർലാസ്റ്റ്പോലെന്നും.
വിളിക്കുക :
• Bright Aluminium: 94477 19415
• A V Thomas & Co.: 99613 46699
അല്ലെങ്കിൽ
വിളിക്കുക ടോൾ-ഫ്രീ :
1800-103-9494
HE220-10

1.5 കോടി രൂപയുടെ സമ്മാനങ്ങൾ
മാതൃഭൂമി സമ്മാനക്കിലുക്കം
കൂപ്പൺ 3-ാം പേജിൽ

മണപ്പുറം
ഗോൾഡ് ലോൺ
വെള്ളിയാഴ്ചകളിലും ചൊവ്വാഴ്ചകളിലും ഗ്രാമിന് മറ്റുള്ള ദിവസങ്ങളേക്കാൾ ഉയർന്ന വായ്പ
TUESDAY FRIDAY

100 രൂപയ്ക്ക് 1 രൂപ മാസ പലിശ (GL-S3 സ്കീം)
ഗ്രാമിന് 1763 രൂ. വരെ (GL-Y സ്കീം)
9287412999, 8129646535
പ്രവർത്തനസമയം 8.30 am മുതൽ 5.30 pm വരെ

സർക്കാർ ആസ്പത്രിയിൽ ക്യൂ നിന്ന രോഗി കുഴഞ്ഞുവീണ് മരിച്ചു

ഫോർട്ടുകൊച്ചി: ഫോർട്ടുകൊച്ചി സർക്കാർ ആസ്പത്രിയിൽ ചികിത്സ തേടിയെത്തിയ രോഗി ഡോക്ടറെ കാണാൻ ക്യൂ നിൽക്കുന്നതിനിടെ കുഴഞ്ഞുവീണു മരിച്ചു.

ഫോർട്ടുകൊച്ചി തെക്കേ താമരപ്പറമ്പ്, കുരിശിങ്കൽ വീട്ടിൽ ഫ്രാൻസിസ് (71) ആണ് മരിച്ചത്. തിങ്കളാഴ്ച ഉച്ചയ്ക്ക് പന്ത്രണ്ടരയോടെയാണ് സംഭവം. ഒ.പി.യിൽ നല്ല തിരക്കായിരുന്നു. 600-ഓളം പേർ തിങ്കളാഴ്ച മാത്രം ചികിത്സക്കായി എത്തിയെന്ന് ഡോക്ടർമാർ പറയുന്നു.

ക്യൂവിൽ നിന്ന ഫ്രാൻസിസ് പൊടുന്നനെ കുഴഞ്ഞുവീഴുകയായിരുന്നു. ഉടനെ ഡോക്ടർമാർ ഇദ്ദേഹത്തെ പരിശോധിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പ്രമേഹം ഉൾപ്പെടെ പല രോഗങ്ങളും ഇദ്ദേഹത്തിനുണ്ടായിരുന്നതായി ഡോക്ടർമാർ പറഞ്ഞു.

അതേസമയം ഡോക്ടർമാരുടെ സ്ഥലംമാറ്റത്തെ തുടർന്ന് ആസ്പത്രിപ്രവർത്തനത്തിന്റെ താളം തെറ്റിയിരിക്കുകയാണ്. 11 ഡോക്ടർമാർ വേണ്ട ആസ്പത്രിയിൽ തിങ്കളാഴ്ച ആകെയുണ്ടായിരുന്നത് മൂന്നുപേർ മാത്രം. നിലവിൽ ആറുപേരാണ് ആസ്പത്രിയിലുള്ളത്. ഇതിൽത്തന്നെ നാലുപേരെ സർക്കാർ സ്ഥലം മാറ്റിയിരിക്കുകയാണ്. ശേഷിക്കുന്നത് രണ്ടുപേരാണ്. എന്നാൽ സ്ഥലം മാറ്റിയവർ ഉത്തരവ് പ്രകാരം, മറ്റുസ്ഥലത്തേക്ക് പോകാതെ ആസ്പത്രിയിൽ തന്നെ തുടരുന്നതുകൊണ്ടാണ് തിങ്കളാഴ്ച ഒ.പി. വിഭാഗം പ്രവർത്തിപ്പിക്കാനായത്.

200 പേരെ വരെ കിടത്തിച്ചികിത്സിക്കാൻ സൗകര്യമുള്ള ആസ്പത്രിയിൽ നിന്നാണ് ഡോക്ടർമാരെ കൂട്ടത്തോടെ സ്ഥലം മാറ്റിയത്. പകരം ഡോക്ടർമാർ വന്നിട്ടുമില്ല.

ഡോക്ടർമാരില്ലാത്തതിനാൽ കിടത്തിച്ചികിത്സയ്ക്ക് രോഗികൾ തയ്യാറാകുന്നില്ല. മരിച്ച ഫ്രാൻസിസിന്റെ മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. റൂത്തിയാണ് ഭാര്യ. മക്കൾ: സോണി, പരേതയായ ഡോളി. മരുമകൻ: സജി. ശവസംസ്കാരം ചൊവ്വാഴ്ച 11ന് ഫോർട്ടുകൊച്ചി വെളി പ്രൊട്ടസ്റ്റൻറ് സെമിത്തേരിയിൽ.

ഫ്രാൻസിസ്

സ്വർണം പവന് 14,000 രൂപ

മട്ടാഞ്ചേരി: മട്ടാഞ്ചേരി സ്വർണ വില പവന് 14,000 രൂപയായി കുതിച്ചുയർന്നു. സർവകാല റെക്കോഡാണിത്. തിങ്കളാഴ്ച പവന് 120 രൂപയുടെ വർധനയാണുണ്ടായത്. ഇതോടെ ഗ്രാമിന് 1750 രൂപയായി.

കഴിഞ്ഞവർഷം ജൂണിൽ 10,960 രൂപയായിരുന്നു ഉയർന്നവില. ഒറ്റവർഷത്തിനിടെ 3040 രൂപയാണ് വർധിച്ചത്. ഒക്ടോബറിൽ പവന് 11,960 രൂപയായിരുന്നു. ഐഎംഎഫിൽ നിന്ന് ഇന്ത്യ നവംബറിൽ 200 ടൺ സ്വർണം വാങ്ങിയതിന്റെ ആവേശത്തിൽ വില 13,040 വരെ ഉയർന്നു. ഡിസംബറിൽ പവന് 13,800 വരെ എത്തിയ ശേഷം വില ഇടിയുകയായിരുന്നു. പവന് 12,080 രൂപയായി ഇത് താഴ്ന്നു. മെയിലാണ് സ്വർണത്തിന് വീണ്ടും വില കുത്തനെ കയറിയത്.

യൂറോപ്പിലെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിക്കുന്നതായുള്ള ആശങ്ക സ്വർണത്തിന് നേട്ടമായി.

മെയ് 27ന് പവന് 13,960 രൂപയായി റെക്കോർഡിട്ടു. പവൻ വില 14,000ൽ തൊടുമെന്ന് ഇതോടെ വിപണിക്ക് ഉറപ്പായിരുന്നു. ഒടുവിൽ തിങ്കളാഴ്ച ചരിത്രത്തിലെ ഏറ്റവും വലിയ വില രേഖപ്പെടുത്തുകയായിരുന്നു.

കാകദൃഷ്ടി

ശനിയിൽ ജീവന്റെ സൂചനകൾ

ജീവനിൽ ശനിയുടെ സൂചനകൾ....

പനി മാധ്യമ സൃഷ്ടി -മന്ത്രി ശ്രീമതി

കൊച്ചി: പകർച്ചപ്പനി വെറും മാധ്യമ സൃഷ്ടി മാത്രമാണെന്ന് ആരോഗ്യവകുപ്പ് മന്ത്രി പി.കെ. ശ്രീമതി. പനി വാർത്തകൾ പെരുപ്പിച്ച് കാണിച്ച് ജനങ്ങൾക്കിടയിൽ ഭീതി വിതയ്ക്കുകയാണ് മാധ്യമങ്ങൾ. ഒന്നാം പേജിൽ വലിയ പ്രാധാന്യത്തിലാണ് ഈ വാർത്തകൾ നൽകുന്നത്. ഇല്ലാത്ത പനി ഉണ്ട് എന്ന് എഴുതുന്നത് ശരിയല്ല.

ഇങ്ങനെ പനിക്കണക്കുകൾ പെരുപ്പിച്ച് കാണിക്കുന്നതിനു പിന്നിൽ എന്തെങ്കിലും ഗൂഢലക്ഷ്യങ്ങളുണ്ടാകാം. അടുത്തുവരുന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ടായിരിക്കാം ഇത്തരത്തിൽ വാർത്തകൾ സൃഷ്ടിക്കുന്നതെന്നും അവർ അഭിപ്രായപ്പെട്ടു. കേരളത്തിലെ ഏറ്റവും വലിയ സർക്കാർ ആസ്പത്രികളിൽ ഒന്നായ എറണാകുളം ജനറൽ ആസ്പത്രിയിൽ ഇപ്പോൾ 20 പേർ മാത്രമാണ് പനി ബാധിച്ച് അഡ്മിറ്റായിരിക്കുന്നതെന്നും ശ്രീമതി വ്യക്തമാക്കി.

Ayu:care SPECIALITY Ayurvedam
ശരീര വടിവ് വീണ്ടെടുക്കൂ
വളരെ ഈസിയായി

ലവണതൈലം ഞാൻ നാലുമാസമായി ഉപയോഗിക്കുന്നു. ഇതിനെപ്പറ്റി കേട്ടു തുടങ്ങിയിട്ട് കുറച്ചായി എങ്കിലും ഉപയോഗിക്കാൻ അല്പം ആലോചിക്കേണ്ടി വന്നു. ഇതുപയോഗിച്ചാൽ എന്തെങ്കിലും സൈഡ്എഫക്ട്സ് ഉണ്ടാകുമോ എന്നു ചിന്തിക്കാതിരുന്നില്ല. ഇതിന്റെ ഓഫീസിലേക്ക് വിളിച്ച് ഞാൻ ഇതേക്കുറിച്ച് അന്വേഷിച്ചു. ഇതിന് സൈഡ്എഫക്ട് ഒന്നുമില്ല എന്നറിയാൻ കഴിഞ്ഞപ്പോൾ ഒന്നു പരീക്ഷിച്ചു നോക്കാൻ തീരുമാനിച്ചു. അല്പം വയർ ചാടിയിരുന്നതായിരുന്നു പ്രശ്നം. മൂന്നുമാസം ഉപയോഗിച്ചപ്പോഴേ അതിന്റെ ഭംഗി തിരികെ കിട്ടി. ലവണ തൈലത്തിന് എന്റെ നന്ദി അറിയിക്കുന്നു. മറ്റുള്ളവർക്കും ഇത് ഉപകാരപ്രദമാകട്ടെ എന്ന് ആഗ്രഹിക്കുന്നു. അതിനാൽ പരീക്ഷിച്ചറിഞ്ഞ ഫലം മറ്റുള്ളവർക്കായി പങ്കുവെയ്ക്കുന്നു. ഉപയോഗിച്ചു നോക്കുമല്ലോ. അഭിപ്രായം അറിയിക്കാൻ മറക്കരുതേ.. ലവണതൈലത്തിന് എല്ലാ മംഗളങ്ങളും നേരുന്നു.
വിശ്വസ്തതയോടെ
ഷീല സലിയപ്പൻ,
ശ്രീരാഗം, നം.57, സെമ്പാക്കം, സെലൈയൂർ പി.ഒ., ചെന്നൈ - 73

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ തെറാപ്പീസ് വികസിപ്പിച്ചെടുത്ത
ആയുഃ കെയർ
ലവണതൈലം
ആയുർവേദിക് ഫിഗർ കെയർ
അമിതവണ്ണത്തിനും വയറിനും ആയുർവേദ പരിഹാരം

സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ഫലപ്രദം
ഇംഗ്ലീഷ് - ആയുർവേദ മെഡിക്കൽ ഷോപ്പുകളിലും സൂപ്പർമാർക്കറ്റുകളിലും ലേഡീസ് സ്റ്റോറുകളിലും ലഭിക്കും.
ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾക്ക്: 9846104930, 9846104931, 9846104932, 9846104933, 9846104934, 0484 2351077, 0487 3211227, 2387553.
Super Stockist : Kerala - Janatha Trading Co., Thodupuzha 9995823675
U.A.E -ലെ ലഭ്യതയ്ക്ക്: Saba General Trading Co., Ph :04-2261585, 04-2261586.
For Trade and Business Export Enquiries : Ph : 0487 2387558, 0484-2351077. Fax: 0487 2387558. Email: ayucarecochin@gmail.com
Manufactured by: INSTITUTE OF INDIAN THERAPIES Annamanada P.O., Thrissur- 680741, Kerala, India
E-mail : cim@asianetindia.com www.ayucaregroup.com
AYU:CARE